A1/586/2022/CHMKMGCTNR

സി.എച്ച്.എം.കെ.എം ഗവ.ആർട്സ് & സയൻസ് കോളേജ്, താനൂർ കെ.പുരം ( പി.ഒ) മലപ്പുറം, പിൻ കോഡ് :676307 ഫോൺ നമ്പർ : 0494 2582800

തീയതി: 01.08.2022

**<u>ക്വട്ടേഷൻ ദീർഘിപ്പിക്കൽ നോട്ടീസ്</u>**

വിഷയം:- സി.എച്ച്.എം.കെ.എം ഗവ.ആർട്സ് & സയൻസ് കോളേജ്, താനൂർ - ക്യാന്റീൻ പ്രവർത്തിപ്പിക്കുന്നതിനായി കിയോസ്ക് നിർമ്മാണം - ക്വട്ടേഷനുകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1.കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 31/05/2022 തീയതിയിലെ P2/24105/2022/DCE നമ്പർ ഉത്തരവ്.

2. 12/07/2022 ലെ ഇതേ നമ്പർ ക്വട്ടേഷൻ നോട്ടീസ്

**********

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ കോളേജുകളിൽ 'വിശപ്പ് രഹിത ക്യാമ്പസ്' സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ സഹകരണത്തോടെ ക്യാന്റീൻ പ്രവർത്തിപ്പിക്കുന്നതിനായി താനൂർ, സി.എച്ച്.എം.കെ.എം.ഗവ.ആർട്സ് & സയൻസ് കോളേജിൽ കിയോസ്ക് നിർമ്മിച്ച് നൽകാൻ വേണ്ടി ക്വട്ടേഷനുകൾ ക്ഷണിച്ചുകൊണ്ട് സൂചന 2 പ്രകാരം നോട്ടിഫിക്കേഷൻ നടത്തിയിരുന്നു. ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടുന്ന അവസാന തീയതി 09/08/2022 (ചൊവ്വ) ഉച്ചക്ക് 12.00 മണി വരെ ദീർഘിപ്പിപ്പിച്ചുകൊണ്ട് സൂചന 2 ന് തുടർച്ചയായി ഇതിനാൽ റീ-നോട്ടിഫിക്കേഷൻ നടത്തുന്നു. മുദ്ര വെച്ച കവറിന് പുറത്ത് 'സി.എച്ച്. എം. കെ.എം.ഗവ. ആർട്സ് & സയൻസ് കോളേജിൽ ക്യാന്റീൻ പ്രവർത്തിപ്പിക്കുന്നതിന് കിയോസ്ക് സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തി പ്രിൻസിപ്പാൾ, സി.എച്ച്. എം. കെ.എം.ഗവ. ആർട്സ് & സയൻസ് കോളേജ് താനൂർ, കെ പുരം. പി.ഒ. പിൻ 676307, മലപ്പുറം. ജില്ല എന്ന വിലാസത്തിൽ മുമ്പായി ലഭിക്കുന്ന തരത്തിൽ ക്വട്ടേഷനുകൾ അയക്കുകയോ നേരിട്ട് എത്തിക്കുകയോ ചെയ്യേണ്ടതാണ്. അന്നേദിവസം ഉച്ചക്ക് 3.00.മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതാണ്. കിയോസ്ക് നിർമ്മിക്കാനുപയോഗിക്കുന്ന വസ്തുക്കളുടെ അളവും തൂക്കവും ഗുണനിലവാരവും ക്വട്ടേഷനിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ കോളേജിൽ ലഭ്യമായിട്ടുള്ള പ്ലാൻ അനുസൃതമായുള്ള നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ കാലയളവ് കൂടി രേഖപ്പെടുത്തേണ്ടതാണ്.

ക്വട്ടേഷനിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനും യാതൊരു മുന്നറിയിപ്പുമില്ലാതെ റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം പ്രൻസിപ്പാളിൽ നിക്ഷിപ്തമാണ്.

06/08/2022 തീയതി വരെയുള്ള കോളേജ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ വൈകിട്ട് 5.00 മണിവരെയും 09/08/2022 തീയതി ഉച്ചക്ക് 12.00 മണി വരെയും മേൽ പറഞ്ഞ പ്ലാൻ പരിശോധനക്കായി ലഭ്യമാക്കുന്നതാണ്.

പ്രിൻസിപ്പാൾ ഇൻ ചാർജ്

പകർപ്പ്

1. കൺവീനർ- കോളേജ് ക്യാൻ്റീൻ
2. കോളേജ് നോട്ടീസ് ബോർഡ്
3. കോളേജ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

4. താനാളൂർ ഗ്രാമ പഞ്ചായത്ത് നോട്ടീസ് ബോർഡ്
5. താനാളൂർ വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്

*ഒപ്പ്/-*

**ഡോ. അഷ്കർ അലി. പി**

പ്രിൻസിപ്പാൾ (ഇൻ ചാർജ്)

## Approval Valid

Digitally Approved By

ഡോ. അഷ്കർ അലി. പി

Date: 01.08.2022

Reason: Approved